കേരള സർക്കാർ

# ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഭരണ റിപ്പോർട്ട്

## 1996–97

എറണാകുളം ഗവൺമെന്റ് പ്രസ്സിൽനിന്നും ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്
2000

# ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഭരണ റിപ്പോർട്ട്

## 1996–97

3/154—i

©
കേരള സർക്കാർ
2000

## ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ.) 33/2000/പ്ലാ. തിരുവനന്തപുരം,
തീയതി 27-1-2000

സംഗ്രഹം.—ഇക്കണോമിക്സ് ആൻറ് സ്റ്റാററിസ്റ്റിക്സ് വകുപ്പിൻെറ 1996-97-ലെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശം.—ഇക്ക: ആൻറ് സ്റ്റാററി: ഡയറക്ടറുടെ 16-11-1998-ലെ പി. ബി. (1) 3243/97/ഡി. ഇ. എസ്. പ്രകാരം അയച്ച കത്ത്.

### ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ടു വർഷത്തിൽ ശ്രീമതി സി. സൈനബയും തുടർന്ന് ശ്രീ. യു. തോമസ് സ്ലീബയും ഡയറക്ടറായിരുന്നു.

3. വകുപ്പിൻെറ വിവിധ പ്രവർത്തനങ്ങൾ.—(1) കാർഷിക സ്ഥിതി വിവരക്കണക്കുകൾ:—അതതു കാലത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ റിപ്പോർട്ടു ചെയ്യുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് റിപ്പോർട്ട് വർഷത്തിൽ 1994-95 വർഷത്തെ ഏരിയ എസ്റ്റിമേഷനും പ്രൊഡക്ഷൻ എസ്റ്റിമേഷനും പൂർത്തിയാക്കി കേന്ദ്ര ഗവൺമെൻറിനും മററ് ഏജൻസികൾക്കും നൽകുകയുണ്ടായി. കൂടാതെ റിപ്പോർട്ടു വർഷം കാർഷിക സ്ഥിതി വിവരക്കണക്ക് 1993-94 പ്രസിദ്ധീകരിച്ചു.

(2) കാർഷിക സെൻസസ്.—കേന്ദ്ര ഗവൺമെൻറിൻെറ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടെ അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന ഒരു പദ്ധതിയാണ് കാർഷിക സെൻസസ്. 1990-91 അടിസ്ഥാനവർഷമായി അഞ്ചാമതു കാർഷിക സെൻസസ് ഭാരതത്തിലാകമാനം നടത്തുന്നതിൻെറ ഭാഗമായി കേരള സംസ്ഥാനത്തിലും, സെൻസസ് നടത്തി. 1995-96 അടിസ്ഥാന വർഷമായി ആറാമതു സെൻസസ് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

(3) കൃഷി ചെലവ് സർവെ.—റിപ്പോർട്ടു വർഷത്തിൽ 1993–94 കാർഷിക വർഷത്തിൽ നടത്തിയ കൃഷി ചെലവ് സർവെ സംബന്ധിച്ച ടാബുലേഷൻ നടത്തി റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചു. 1994–95, 1995–96, 1996–97 വർഷത്തെ ജോലികൾ പുരോഗമിച്ചു വരുന്നു.

(4) വ്യാവസായിക സ്ഥിതിവിവരക്കണക്ക് വിഭാഗം.—സമ്പദ് വ്യവസ്ഥയിൽ വ്യവസായമേഖലയുടെ ക്രമാനുഗതമായ വികാസം, അതിന്റെ തോത്, മാതൃക വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുകയാണ് ഈ വിഭാഗത്തിന്റെ ചുമതല.

റിപ്പോർട്ടു വർഷത്തിൽ 1992–93 ലെ റിപ്പോർട്ടു തയ്യാറാക്കി സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന് അയച്ചു. 1993–94 മുതൽ 1995–96 വരെയുള്ള വർഷങ്ങളിലെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(5) സർവെ ആൻറ് സ്റ്റഡീസ് വിഭാഗം (സർവെയും പഠനങ്ങളും).—ഗവൺമെൻറിനും വിവിധ വകുപ്പുകൾക്കുംവേണ്ടി നടത്തുന്ന സർവെകൾക്കും പഠനത്തിനും ആവശ്യമായ ഷെഡ്യൂളുകൾ ഡിസൈൻ ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ഈ വിഭാഗം ചെയ്യുന്നു. റിപ്പോർട്ടു വർഷത്തിൽ ഈ വിഭാഗം തൊഴിൽ–ഉപഭോഗ–സമ്പാദ്യ സർവെ, ഹോട്ടൽ അക്കോമഡേഷൻ സർവെ എന്നിവ പൂർത്തിയാക്കുകയും തൊഴിൽ സ്ഥിതി വിവര സർവെ നടത്തുന്നതിനുവേണ്ടിയുള്ള സ്കീം തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു.

(6) വ്യവസായ ഉൽപാദന സൂചിക വിഭാഗം.—വ്യവസായ ഉൽപാദന സൂചിക, വ്യവസായ ഉൽപന്ന മൊത്തവില നിലവാര സൂചിക എന്നിവ തയ്യാറാക്കി വാർഷിക റിപ്പോർട്ടുകളാക്കി പ്രസിദ്ധീകരിക്കുന്നത് റിപ്പോർട്ടുവർഷവും തുടർന്നു.

(7) സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം.—ഈ വിഭാഗം കേരള സംസ്ഥാനത്തിന്റെ വരുമാന നിർണ്ണയത്തിന് ആവശ്യമായ വിവരങ്ങൾ ഓരോ വർഷവും ശേഖരിച്ച് സംസ്ഥാന ജില്ലാതലങ്ങളിലുള്ള മൊത്ത വരുമാനം നിർണ്ണയിക്കുന്നു. പ്രസ്തുത പ്രവർത്തനം റിപ്പോർട്ടു വർഷത്തിലും തുടർന്നു.

(8) പ്രൈസസ് വിഭാഗം.—അവശ്യസാധനങ്ങളുടെ ദൈനംദിന വില സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ഗവൺമെൻറിനും വിവിധ ഏജൻസികൾക്കും നൽകി. കാർഷിക–വ്യാവസായിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വില സൂചിക, ഡയററി വിലകൾ, വന വിഭവങ്ങളുടെ വില ശേഖരിക്കൽ, മാർക്കററ് ഇൻറലിജൻസ് പദ്ധതി, അരിയുടെ പരസ്യവിലയെ കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട് എന്നിവയും തയ്യാറാക്കി നൽകി.

(9) ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധന സംബന്ധം).— ഈ വിഭാഗം താഴെപ്പറയുന്ന സൂചികകൾ തയ്യാറാക്കുന്നു.

(1) കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക.

(2) കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും, അവയ്ക്കു വേണ്ടി വരുന്ന ചെലവും തമ്മിലുള്ള താരതമ്യ പഠന സൂചിക.

(3) കാർഷിക വേതന സൂചിക.

റിപ്പോർട്ടു വർഷത്തിലും, മേൽപറഞ്ഞ സൂചികകൾ തയ്യാറാക്കുന്ന പ്രവർത്തനം തുടർന്നു.

(10) ജനസംഖ്യാ പഠന വിഭാഗം.—സംസ്ഥാനത്തൊട്ടാകെയുള്ള ജനനമരണങ്ങളുടെ കാർഡുകൾ ശേഖരിച്ച് റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി റിപ്പോർട്ടു വർഷവും തുടർന്നു. കൂടാതെ സ്പോട്ട്ചെക്ക് സർവെ, ഗ്രാമപ്രദേശങ്ങളിലുണ്ടാകുന്ന മരണ കാരണങ്ങളെപ്പററിയുള്ള പഠനം എന്നീ സർവെകളും റിപ്പോർട്ടു വർഷവും തുടർന്നു.

(11) ഭവന നിർമ്മാണം.—ഭവന നിർമ്മാണ രംഗത്തെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും സംഗ്രഹിച്ച് ദേശീയ ഭവനനിർമ്മാണ ബോർഡിനു അയയ്ക്കുകയുമാണ് ഈ വിഭാഗത്തിന്റെ ചുമതല. റിപ്പോർട്ടു വർഷത്തിലും പ്രസ്തുത ജോലികൾ തുടർന്നു.

(12) വേതന ഘടന സർവെ.—സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും വേതന ഘടന സർവെ നടത്തുന്നു. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും മൊത്ത ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവെയുടെ ഉദ്ദേശ്യം. റിപ്പോർട്ടു വർഷത്തിൽ 1994–95, 1995–96 വർഷങ്ങളിലെ കെട്ടിട നിർമ്മാണ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധ–അവിദഗ്ദ്ധ തൊഴിലാളികളുടെ ദിവസക്കൂലിയെ സംബന്ധിച്ച പട്ടികകൾ തയ്യാറാക്കി സംസ്ഥാന ആസൂത്രണ മേധാവിക്ക് അയച്ചു കൊടുക്കുകയുണ്ടായി.

(13) തൊഴിൽ വിഭാഗം.—ഈ വിഭാഗത്തിൻകീഴിൽ 1994–ലെ ഫാക്ടറികളെ സംബന്ധിച്ച വാർഷിക റിപ്പോർട്ടു തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1994-ലെ ഫാക്ടറികളുടെ അർദ്ധ വാർഷിക റിപ്പോർട്ട് ലേബർ ബ്യൂറോയ്ക്കു അയച്ചുകൊടുത്തു. ഇതോടൊപ്പം തന്നെ വേതന വിവര റിപ്പോർട്ടു സംബന്ധിച്ച ജോലികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(14) ദേശീയ സാമ്പിൾ സർവെ.—ഭാരത സർക്കാരിന്റെ നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും രാജ്യത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിന് നടത്തിവരുന്ന സർവെ ഈ വർഷത്തിലും തുടരുകയുണ്ടായി. കേരളത്തിൽ തെരഞ്ഞെടുത്ത സാമ്പിൾ ഗ്രാമങ്ങളിലും

നഗരങ്ങളിലും നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷനും ഈ ഡയറക്ടറേറ്റും തുല്യ സാമ്പിളുകളിൽ സർവെ നടത്തിവരുന്നു. ഓരോ കാലയളവിലും നിലവിൽ താൽപ്പര്യമുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സർവെ നടത്തുന്നു. ഇതുമായി ബന്ധപ്പെട്ട വിശദമായ പ്രവർത്തനങ്ങൾ റിപ്പോർട്ടു വർഷത്തിലും തുടർന്നു.

ഈ സർവെയിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ക്ഷേമ പരിപാടികൾ ആവിഷ്കരിക്കുന്നതിന് സഹായിക്കുന്നു.

(15) <u>പ്രസിദ്ധീകരണ വിഭാഗം</u>.—ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ സർവെകളും പഠനങ്ങളും അവയുടെ റിപ്പോർട്ടുകളും, പ്രസിദ്ധീകരിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല. സ്ഥിതിവിവരക്കണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ചുമതലയും ഈ വിഭാഗത്തിൻേറതാണ്. 1996-97 വർഷത്തിലും പ്രസ്തുത പ്രവർത്തനം തുടരുന്നു.

4. <u>ചെലവ്</u>.—1996-97 വർഷത്തിൽ പദ്ധതി-പദ്ധതിയേതര ഇനങ്ങളിൽ മൊത്തം 977·61 ലക്ഷം രൂപ ചിലവഴിച്ചു.

5. റിപ്പോർട്ടു വർഷത്തിൽ വകുപ്പിൻെറ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

കെ. എൻ. കുറുപ്പ്,
ഗവ: സെക്രട്ടറി.

# ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ 1996-97-ലെ ഭരണ റിപ്പോർട്ട്

## ആമുഖം

| | | |
|---|---|---|
| വകുപ്പു മന്ത്രി | : | ശ്രീ. ഇ. കെ. നായനാർ |
| വകുപ്പ് സെക്രട്ടറി | : | ശ്രീ. പി. കെ. ശിവാനന്ദൻ |
| വകുപ്പ് അദ്ധ്യക്ഷൻ | : | 1. ശ്രീമതി സി. സൈനബ |
| | | 2. ശ്രീ. യു. തോമസ് സ്ലീബ |
| അഡീഷണൽ ഡയറക്ടർമാർ | : | ശ്രീ. യു. തോമസ് സ്ലീബ |
| | | ശ്രീ. ഇ. ജമാൽമുഹമ്മദ് |
| | | ശ്രീ. എ. മീരാസാഹിബ് |
| | | ശ്രീ. എം. ആർ. ബാലകൃഷ്ണൻ |
| | | ശ്രീമതി. എം. എസ്. വൽസല |

കേരളത്തിലെ സ്ഥിതിവിവരക്കണക്കുകളുടെ മുഖ്യ സ്രോതസ്സായ ഈ വകുപ്പ് 1951-ൽ ബോർഡ് ഓഫ് സ്ററാററിസ്ററിക്സ് ആയും 1954-ൽ സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറ് എന്ന പ്രത്യേക വകുപ്പായും രൂപം കൊണ്ടു. തുടർന്ന് 1963-ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ശേഖരിക്കേണ്ട ഒരു മേജർ വകുപ്പായി മാറി. ഇപ്പോൾ ഡിപ്പാർട്ട്മെൻറ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സായി പ്രവർത്തിച്ചു വരുന്നു. സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ ശേഖരണം, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ മുഖ്യ ഘടകമായി നിലകൊള്ളുന്നു. സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശ ഘടകമായും സ്ററാററിസ്ററിക്കൽ അതോറിററിയായും പ്രവർത്തിക്കുന്നു.

സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളുടെ ആധികാരികമായ റിപ്പോർട്ടുകൾ വിശകലനം ചെയ്തു കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും മററു സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചുകൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽപ്പെടുന്നു. തൻമൂലം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ഈ വകുപ്പ് പ്രധാന പങ്ക് വഹിക്കുന്നു.

## കാർഷിക സ്ഥിതി വിവരക്കണക്കുകൾ

<u>അതാതുകാലത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവേ (ഇ. എ. ആർ. എ. എസ്) (ഇറാസ്).</u>—റിപ്പോർട്ടു വർഷത്തെ കാർഷിക സ്ഥിതിവിവരക്കണക്കു സർവേ 1996 ജൂലൈ മാസം ആരംഭിച്ചു. 1996–97 വർഷത്തെ സർവേയുടെ മുന്നോടിയായി 1996 ജൂൺ മാസം 17, 18 തീയതികളിൽ പ്രസ്തുത സർവേസംബന്ധമായ പരിശീലന ക്ലാസ്സുകൾ നടത്തുകയുണ്ടായി. കാർഷിക വിവര സമാഹരണത്തിന്റെ പ്രാധാന്യം വികേന്ദ്രീകരണ ആസൂത്രണത്തിന്റെ വെളിച്ചത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ റവന്യൂ വില്ലേജുകളേയും ചേർത്ത് 811 ഇൻവെസ്റ്റിഗേറ്റർ സോണുകളാക്കി ഓരോ 'സോണി'ൽ നിന്നു 5 സർവ്വേ/ലിത്തോ സബ്ഡിവിഷനുകൾ വീതം ഉൾക്കൊള്ളുന്ന 100 ക്ലസ്റ്ററുകൾ (നിലത്തിന്റേയും കരയുടേയും വിസ്തീർണ്ണത്തിന്റെ ആനുപാതികമായി) തെരഞ്ഞെടുത്ത് സർവേ നടത്തുന്നു. ഇപ്രകാരം തെരഞ്ഞെടുത്ത നിലം ക്ലസ്റ്ററുകളിൽ 3 പ്രാവശ്യവും (വിരിപ്പ്, മുണ്ടകൻ, പുഞ്ച) കരഭൂമി ക്ലസ്റ്ററുകളിൽ 2 പ്രാവശ്യവും ഇൻവെസ്റ്റിഗേറ്റർ സന്ദർശനം നടത്തി കൃഷി ചെയ്തിട്ടുള്ള വിളകളുടെ വിവരങ്ങൾ ശേഖരിക്കുന്നു. പ്രധാന വിളകൾ കൂടാതെ പതിമൂന്ന് ഉപവിളകൾകൂടി വിളപരീക്ഷണത്തിന് തെരഞ്ഞെടുത്തു.

റിപ്പോർട്ടു വർഷത്തിൽ 1994–95 വർഷത്തെ ഏരിയ എസ്റ്റിമേഷനും പ്രൊഡക്ഷൻ എസ്റ്റിമേഷനും പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിനും മററു ഏജൻസികൾക്കും നൽകുകയുണ്ടായി. 1995–96 വർഷത്തെ ഏരിയ എസ്റ്റിമേഷനും പ്രൊഡക്ഷൻ എസ്റ്റിമേഷനും പൂർത്തിയാക്കി കൊണ്ടിരിക്കുന്നു.

1995–96 വർഷത്തെ നെല്ലിന്റെ വിരിപ്പ്, മുണ്ടകൻ, പുഞ്ച സീസണുകളിലെ ഏരിയാ എസ്റ്റിമേഷനും പ്രൊഡക്ഷൻ എസ്റ്റിമേഷനും പൂർത്തിയാക്കി ജനറൽ ഇൻഷ്വറൻസ് കമ്പനിക്ക് അയയ്ക്കുകയുണ്ടായി. അതുപോലെ 1996–97 വർഷത്തെ നെല്ലിന്റെ വിരിപ്പു സീസണിലെ ഏരിയ എസ്റ്റിമേഷനും പ്രൊഡക്ഷൻ എസ്റ്റിമേഷനും നടത്തി ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനു നൽകി.

1996–97 വർഷത്തെ 'സാമ്പിൾ ചെക്ക്'നു വേണ്ടി ആകെ 1520 സാമ്പിൾ തെരഞ്ഞെടുത്തു. നെല്ലിന്റെ വിളപരീക്ഷണത്തിന് വിരിപ്പ്, മുണ്ടകൻ സീസണുകളിൽ 160 സാമ്പിളുകൾ വീതവും പുഞ്ച സീസണിൽ 120 സാമ്പിളും തെരഞ്ഞെടുത്തു. നെല്ലിന്റെ ഏരിയ എന്യൂമറേഷന് വിരിപ്പ്, മുണ്ടകൻ സീസണുകളിൽ 160 വീതവും പുഞ്ച സീസണിൽ 160 സാമ്പിളുകളും തെരഞ്ഞെടുത്തു. മരച്ചീനിയുടെ വിളപരീക്ഷണത്തിന് 160 സാമ്പിളുകളാണ് തെരഞ്ഞെടുത്തത്. 1996–97 വർഷത്തെ സാമ്പിൾ ചെക്കിന്റെ വിരിപ്പ്, മുണ്ടകൻ സീസണുകളിലെ വിള പരീക്ഷണവും ഏരിയ എന്യൂമറേഷനും പൂർത്തിയായി.

1996–97 വർഷത്തിൽ കാർഷിക സ്ഥിതി വിവരക്കണക്ക് 1993–94 പ്രസിദ്ധീകരിക്കുകയും കാർഷിക സ്ഥിതിവിവരക്കണക്ക് 1994–95 പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ''സീസൺ ആന്റ് ക്രോപ്പ് റിപ്പോർട്ട് 1992 മുതൽ 94'' വർഷം വരെയുള്ള പ്രസിദ്ധീകരണത്തിനു തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

1996–97 വർഷത്തെ 'ഇ. എ. ആർ. എ. എസ്'' (ഇറാസ്) സർവെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലഭൂമി എന്യൂമറേഷൻ 87 ശതമാനവും കരഭൂമി എന്യൂമറേഷൻ 51 ശതമാനം 1997 ഏപ്രിൽ മാസത്തോടെ സർവ്വേ പൂർത്തിയായി. 1997 ജൂൺ മാസത്തോടെ സർവേ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കാർഷിക സെൻസസ്

കേന്ദ്ര ഗവൺമെൻറ് 1990–91 അടിസ്ഥാനവർഷമായി അഞ്ചാമതു കാർഷിക സെൻസസ് ഭാരതത്തിലാകമാനം നടത്തുന്നതിൻെറ ഭാഗമായി കേരള സംസ്ഥാനത്തിലും സെൻസസ് നടത്തി. 1995–96 അടിസ്ഥാന വർഷമാക്കി ആറാമതു സെൻസസ് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കേന്ദ്ര ഗവൺമെൻറിൻെറ സമ്പൂർണ്ണ സാമ്പത്തിക സഹായത്താൽ നടത്തുന്ന സെൻസസ്സിൻെറ ചുമതലയാണ് ഈ വിഭാഗത്തിനുള്ളത്. അഖിലേന്ത്യാ തലത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന ഈ സെൻസസ് മുഖേന, കൈവശാനുഭവഭൂമിയുടെ വിസ്തീർണ്ണത്തിലുള്ള വിതരണം, കൈവശഭൂമിയുടെ വിനിയോഗാടിസ്ഥാനത്തിലുള്ള വിതരണം, കൈവശാനുഭവത്തിൻെറ സ്വഭാവം അനുസരിച്ചുള്ള വിതരണം, കാർഷിക വിളകളുടെ വിസ്തീർണ്ണം, വസ്തു–വളം–കീടനാശിനികൾ–കാർഷികോപകരണങ്ങൾ–കാർഷിക വായ്പകൾ–തുടങ്ങിയ കാർഷികോപാധികളുടെ വിനിയോഗം എന്നീ വിവരങ്ങൾ ഈ സെൻസസ് മുഖേന ശേഖരിക്കുന്നു.

1990–91 ലെ കാർഷിക സെൻസസ്സിൻെറ മുഴുവൻ ടാബ്യുലേഷൻ ജോലികളും തീർത്ത് അവയുടെ പട്ടികകൾ കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തു. 'ഇൻപുട്ട്'' സർവേ 1991–92 ൻെറ ടാബ്യുലേഷൻ ജോലികൾ തീർത്ത് നിർദ്ദിഷ്ട പട്ടികകൾ എല്ലാം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു കഴിഞ്ഞു. ഇവയുടെ സംസ്ഥാനതല റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

1995–96 അടിസ്ഥാന വർഷമാക്കി ആറാമതു കാർഷിക സെൻസസ് നടത്തുന്നതിലേക്കാവശ്യമായ ഫാറങ്ങൾ അച്ചടിച്ചു പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വാർഡ് സെലക്ഷൻ തുടങ്ങിയ മററു പ്രാഥമിക നടപടികളും പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭരണാനുമതി ലഭിച്ചാൽ ഉടൻതന്നെ ഫീൽഡുജോലികൾ ആരംഭിക്കുന്നതാണ്.

## കൃഷിച്ചെലവു സർവേ

വികസനോൻമുഖമായ കാർഷിക പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് തറവില ലഭ്യമാക്കുന്നതിനു വേണ്ടിയും മററു കൃഷിച്ചെലവുകളെക്കുറിച്ചുള്ള കൃത്യവും വസ്തുനിഷ്ഠവുമായിട്ടുള്ള വാർഷിക സ്ഥിതിവിവരക്കണക്കുകൾ ആവശ്യമാണ്.

റിപ്പോർട്ട്യ വർഷത്തിൽ നെല്ല് (മൂന്ന് സീസൺ) തെങ്ങ്, മരച്ചീനി, കുരുമുളക് എന്നീ പ്രധാന വിളകളേക്കുറിച്ചും മരംബറി എന്ന ഉപവിളയേക്കുറിച്ചും 1993–94 കാർഷിക വർഷത്തിൽ നടത്തിയ കൃഷിച്ചെലവു സർവ്വേ സംബന്ധിച്ച ടാബുലേഷൻ നടത്തി റിപ്പോർട്ട്യ തയ്യാറാക്കുകയുണ്ടായി. ഈ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

1994–95 വർഷത്തിൽ നടത്തിയ സർവേയുടെ ടാബുലേഷൻ ജോലികൾ നടന്നുവരുന്നു. 1995–96 വർഷത്തിലേതിന്റെ സൂക്ഷ്മപരിശോധന നടന്നുവരുന്നു. 1996–97 വർഷത്തെ ഫീൽഡുസർവേ പൂർത്തിയായിട്ടുണ്ട്.

## വ്യാവസായിക സ്ഥിതിവിവരക്കണക്കു വിഭാഗം

സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ വ്യവസായത്തിന് പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. സമ്പദ്‌വ്യവസ്ഥയിൽ വ്യവസായ മേഖലയുടെ ക്രമാനുഗതമായ വികാസം, അതിന്റെ തോത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുകയാണ് ഈ വിഭാഗത്തിന്റെ ചുമതല. ഇവ പ്രധാനമായും സംഘടിത വ്യാവസായിക മേഖലയിലെ മുടക്കുമുതൽ, വായ്പകൾ, പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ, ജീവനക്കാർ, അവരുടെ വേതനം, അസംസ്കൃത സാധനങ്ങളുടെ ഉപഭോഗം, മൊത്തം വ്യാവസായിക ഉൽപ്പാദനമൂല്യം, അററമൂല്യം ഇവയെപ്പററിയുള്ള വിശദമായ പഠനം ഈ വിഭാഗത്തിൽ നടത്തുന്നു.

മേൽപ്പറഞ്ഞ പഠനത്തിനാവശ്യമായ വിവരങ്ങൾ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (ഫീൽഡ് ഓപ്പറേഷൻ ഡിവിഷൻ) നടത്തുന്ന വാർഷിക വ്യാവസായിക സർവേയുടെ പൂരിപ്പിച്ച ഷെഡ്യൂളുകളിൽനിന്നും ശേഖരിച്ച് റിപ്പോർട്ട്യകൾ തയ്യാറാക്കുന്നു.

റിപ്പോർട്ട്യവർഷത്തിൽ 1992–93-ലെ റിപ്പോർട്ട് തയ്യാറാക്കി സെൻറർ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷന് അയച്ചു. 1993–94-ലെ ടാബുലേഷൻ ജോലികൾ പൂർത്തീകരിച്ചു. 1994–95-ലെ ടാബുലേഷൻ ജോലികൾ 60 ശതമാനം പൂർത്തിയായി. 1994–95-ലെ സംസ്ഥാന വരുമാന നിർണ്ണയത്തിനാവശ്യമായ വിവരം സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിന് നൽകി. 1995–96-ലെ ഷെഡ്യൂളുകൾ സ്വീകരിക്കുകയും അവയുടെ പരിശോധന നടത്തുകയും ചെയ്യുന്നു.

## സർവേ ആൻറ് സ്ററഡീസ് വിഭാഗം
## (സർവേയും പഠനങ്ങളും)

ഈ വിഭാഗം ഗവൺമെൻറിന് കാലാകാലങ്ങളിൽ ആവശ്യമായ വിഷയങ്ങൾക്കുവേണ്ടിയും, മററു വകുപ്പുകൾക്കുവേണ്ടിയും നടത്തുന്ന സർവേകൾക്കും പഠനത്തിനും ആവശ്യപ്രകാരം വേണ്ട ഷെഡ്യൂളുകൾ ഡിസൈൻ ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങളും ഈ വിഭാഗത്തിൽ കൂടി നൽകുന്നു.

റിപ്പോർട്ടുവർഷത്തിൽ താഴെപ്പറയുന്ന ജോലികൾ ഈ വിഭാഗം പൂർത്തിയായിട്ടുണ്ട്.

## തൊഴിൽ ഉപഭോഗ സമ്പാദ്യ സർവേ

ഒമ്പതാം പഞ്ചവൽസര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കാവശ്യമായ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം റിപ്പോർട്ടു വർഷത്തിൽ ഒരു തൊഴിൽ–ഉപഭോഗ–സമ്പാദ്യ സർവേ നടത്തുകയുണ്ടായി. സർവേ ഫലങ്ങൾ റിപ്പോർട്ടാക്കുന്നതിനുവേണ്ടി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം കൈമാററം നടത്തിയിട്ടുണ്ട്.

## ഹോട്ടൽ അക്കോമഡേഷൻ സർവേ

സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളെക്കുറിച്ചും അവർക്കു ലഭ്യമാകുന്ന സൗകര്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി ടൂറിസം ഡിപ്പാർട്ട്മെൻറിന്റെ ആവശ്യപ്രകാരം ഒരു ഹോട്ടൽ അക്കോമഡേഷൻ സർവേ നടത്തുകയുണ്ടായി.

സർവേ ഫലങ്ങൾ ടൂറിസം ഡിപ്പാർട്ട്മെൻറിന് കൈമാററം ചെയ്തിട്ടുണ്ട്.

## തൊഴിൽ സ്ഥിതി വിവരസർവേ

റിപ്പോർട്ടു വർഷത്തിൽ സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്ററർ ചെയ്തിട്ടുള്ളവരുടെ തൊഴിൽ സ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിലേയ്ക്കായി ഒരു അഡ്ഹോക്ക് സർവേ നടത്തുന്നതിനുവേണ്ടിയുള്ള സ്കീം തയ്യാറാക്കി സർക്കാരനുമതിക്കായി സമർപ്പിക്കുകയുണ്ടായി. എന്നാൽ അനുമതി 1997–98 വർഷത്തിൽ നൽകാമെന്ന് സർക്കാരിൽനിന്നും അറിയിച്ചിട്ടുണ്ട്.

## വ്യവസായ ഉൽപ്പാദന സൂചികാ വിഭാഗം

സംസ്ഥാനത്തെ വ്യാവസായിക വളർച്ച കണക്കാക്കുന്നതിന് വ്യാവസായിക ഉൽപ്പാദന സൂചിക സഹായിക്കുന്നു. കേരള സർക്കാർ 24–07–1975-ലെ സർക്കാർ ഉത്തരവ് നമ്പർ 280/75/പ്ലാനിംഗ് പ്രകാരമാണ് ഈ സൂചിക തയ്യാറാക്കുവാൻ ആരംഭിച്ചത്. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻ ആണ് ഈ സൂചിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നത്.

ത്രൈമാസിക ഉൽപ്പാദന സൂചിക കണക്കാക്കി വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നു. പൊതുസൂചിക 1970-ൽ 100 എന്നടിസ്ഥാനത്തിലാണ്. 1975 മുതൽ സൂചിക തയ്യാറാക്കി വന്നത് 1988–89 മുതൽ 1980-ൽ 100 എന്നടിസ്ഥാനത്തിൽ ഉൽപ്പാദന സൂചിക തയ്യാറാക്കിവരുന്നു. 31–3–1995 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. 1995–96-ലെ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

## വ്യവസായ ഉൽപ്പന്ന മൊത്തവിലനിലവാര സൂചിക

വ്യവസായ ഉൽപ്പന്നങ്ങളുടെ മൊത്ത വിലയിൽ ഉണ്ടായിട്ടുള്ള മാററങ്ങൾ കണക്കാക്കാൻ മൊത്തവില ശേഖരിച്ച് വിലനിലവാര സൂചിക തയ്യാറാക്കുന്നു. പ്രതിമാസ വില ശേഖരിച്ച് വാർഷിക ശരാശരി കണക്കാക്കി മൊത്തവിലനിലവാര സൂചിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. സംഘടിത അസംഘടിത മേഖലകളിലെ വിലകൾ പ്രത്യേകം പ്രത്യേകം ശേഖരിക്കുകയും സൂചിക തയ്യാറാക്കുകയും ചെയ്യുന്നു. 1995–96 വർഷം വരെയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 1996–97 വർഷത്തെ മൊത്തവിലനിലവാര സൂചിക ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള ജോലികൾ നടന്നുവരുന്നു.

## സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം

കേരളത്തിൻെറ വരുമാന നിർണ്ണയത്തിന് ആവശ്യമായ വിവരങ്ങൾ ഓരോ വർഷവും ശേഖരിച്ച് കേരള സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഉള്ള മൊത്ത വരുമാനം നിർണ്ണയിക്കുന്നു. കൂടാതെ ആളോഹരി വരുമാനവും നിർണ്ണയിച്ചുവരുന്നു. കാലാകാലങ്ങളിൽ ലഭ്യമാകുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മുൻവർഷങ്ങളിലെ സംസ്ഥാന വരുമാനം പുനർനിർണ്ണയിക്കുകയും ചെയ്യുന്നു. പ്രസ്തുത പ്രവർത്തനം റിപ്പോർട്ട് വർഷത്തിലും തുടർന്നു.

പുതിയ പരമ്പര പ്രകാരം 1980–81 അടിസ്ഥാനമാക്കി 1994–95 വർഷത്തെ സംസ്ഥാനത്തിൻെറ മൊത്തവരുമാനവും ആളോഹരി വരുമാനവും ന്യൂഡൽഹിയിൽ സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനിൽ വച്ചു നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ മൊത്തവരുമാനത്തിലും ആളോഹരി വരുമാനത്തിലും വേണ്ട ഭേദഗതികൾ വരുത്തുകയും ചെയ്തു. കൂടാതെ പുതിയ പരമ്പരയിൽ 1980–81 മുതൽ 1995–96 വരെ സംസ്ഥാനത്തിൻേറയും 1980–81 മുതൽ 1995–96 വരെ ജില്ലകളുടേയും മൊത്ത വരുമാനവും ആളോഹരി വരുമാനവും ഈ കാലയളവിൽ തയ്യാറാക്കി സംസ്ഥാന ആസൂത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്കായി നൽകിയിട്ടുണ്ട്.

### പട്ടിക

**1980–81 മുതൽ 1995–96 വരെയുള്ള മൊത്തവരുമാനവും ആളോഹരി വരുമാനവും**

| വർഷം | തന്നതുവർഷ വിലകൾ | | അടിസ്ഥാനവർഷ വിലകൾ | |
|---|---|---|---|---|
| | മൊത്ത വരുമാനം (ലക്ഷം രൂപ) | ആളോഹരി വരുമാനം (രൂപ) | മൊത്ത വരുമാനം (ലക്ഷം രൂപ) | ആളോഹരി വരുമാനം (രൂപ) |
| (1) | (2) | (3) | (4) | (5) |
| 1980–81 | 362273 | 1508 | 382273 | 1508 |
| 1981–82 | 404973 | 1576 | 377481 | 1469 |
| 1982–83 | 471180 | 1809 | 386851 | 1485 |

പട്ടിക—(തുടർച്ച)

| വർഷം | തന്നതുവർഷ വിലകൾ | | അടിസ്ഥാനവർഷ വിലകൾ | |
|---|---|---|---|---|
| | മൊത്ത വരുമാനം (ലക്ഷം രൂപ) | ആളോഹരി വരുമാനം (രൂപ) | മൊത്ത വരുമാനം (ലക്ഷം രൂപ) | ആളോഹരി വരുമാനം (രൂപ) |
| (1) | (2) | (3) | (4) | (5) |
| 1983–84 | 552328 | 2092 | 371168 | 1406 |
| 1984–85 | 614145 | 2296 | 394158 | 1473 |
| 1985–86 | 650341 | 2398 | 408636 | 1507 |
| 1986–87 | 735437 | 2676 | 399297 | 1453 |
| 1987–88 | 825756 | 2937 | 416563 | 1432 |
| 1988–89 | 918172 | 3233 | 458410 | 1614 |
| 1989–90 | 1066768 | 3718 | 489236 | 1705 |
| 1990–91 | 1217349 | 4200 | 526234 | 1815 |
| 1991–92 | 1510165 | 5140 | 536466 | 1826 |
| 1992–93 | 1717520 | 5768 | 575161 | 1932 |
| 1993–94 | 1968826 | 6524 | 638051 | 2114 |
| 1994–95 (താൽക്കാലികം) | 2202433 | 7201 | 686882 | 2246 |
| 1995–96 (ശീഘ്രലക്കണക്ക്) | 2481949 | 8007 | 729487 | 2353 |

## പ്രൈസസ് വിഭാഗം

ഈ വിഭാഗം—പ്രൈസസ് ഡിവിഷണൽ പ്രൈസസ് (ജനറൽ) ഇൻഡക്സ് സീരിസ്, കമ്പോളനിലവാരം എന്നിവയെ സംബന്ധിച്ച് ജോലികൾ ചെയ്തുവരുന്നു.

## പ്രൈസസ് ജനറൽ വിഭാഗം

### ആവശ്യസാധനങ്ങളുടെ ദിവസേനയുള്ള വിലനിലവാരം

ആവശ്യസാധനങ്ങളുടെ ദൈനംദിന വില സംസ്ഥാനത്തിലെ ജില്ലാ ആസ്ഥാനങ്ങളിൽനിന്നും നാഷണൽ ഇൻഫർമാററിൽ സെൻറർ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് ഗവൺമെൻറിനും വിവിധ ഏജൻസികൾക്കും അയച്ചുവരുന്നു.

സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെൻറിൻെറ ആവശ്യപ്രകാരം എല്ലാ ബുധനാഴ്ചത്തേയും 15 ഇനം അത്യാവശ്യസാധനങ്ങളുടെ വില തിരുവനന്തപുരം, എറണാകുളം എന്നീ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ചു നൽകി വരുന്നു.

എല്ലാ ജില്ലാകേന്ദ്രങ്ങളിലേയും 16 ഇനം അത്യാവശ്യ സാധനങ്ങളുടെ ചില്ലറ വിലയും 5 ഇനം സാധനങ്ങളുടെ മൊത്തവിലയും സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യാനുസരണം നൽകുന്നു.

പച്ചക്കറി, ഇലക്കറി എന്നിവയുടെ ദിവസേനയുള്ള ചില്ലറവില തിരുവനന്തപുരം കേന്ദ്രത്തിൽനിന്നും ശേഖരിച്ച് ഹോർട്ടികൾച്ചറൽ പ്രോഡക്റ്റ് ഡവലപ്പ്മെൻറ് കോർപ്പറേഷന് നൽകുന്നു.

50 ഇനം നിത്യോപയോഗ സാധനങ്ങളുടെ ദിവസേനയുള്ള വില നിലവാരം ജില്ലാ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ഓരോ മാസത്തേയ്ക്കുള്ള സ്റ്റേറ്റ്മെൻറ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യാനുസരണം അയച്ചുകൊടുക്കുന്നു.

വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേയ്ക്കും മററുവിവിധ കേന്ദ്രങ്ങളിലേയ്ക്കും അയയ്ക്കുന്നു. ആവശ്യസാധനങ്ങളുടെ വിലവിവരം പഠനങ്ങൾക്കും റിപ്പോർട്ടുകൾക്കും വേണ്ടി റിസർവ് ബാങ്കിൻെറ പ്രസ്തുത വിഭാഗത്തിനും ഈ വകുപ്പിൽനിന്നും നൽകിവരുന്നു.

കേന്ദ്രസർക്കാരിൻെറ നിർദ്ദേശപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലാ ആസ്ഥാനങ്ങളിൽനിന്നും എല്ലാ വെള്ളിയാഴ്ച്ചത്തേയും അവശ്യസാധനങ്ങളും ചില്ലറവിലയും എല്ലാ മാസത്തേയും അവസാനത്തെ വെള്ളിയാഴ്ച ദിവസത്തെ പ്രധാനപ്പെട്ട ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ വിലയും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി കേന്ദ്രസർക്കാരിൻെറ കൃഷി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിലേയ്ക്ക് അയച്ചുകൊടുക്കുന്നു.

## ഉപഭോക്തൃ വിലസൂചിക

തിരുവനന്തപുരം, കൊല്ലം, പുനലൂർ, ആലപ്പുഴ, കോട്ടയം, മുണ്ടക്കയം, മൂന്നാർ, എറണാകുളം, ചാലക്കുടി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, മേപ്പാടി, കണ്ണൂർ എന്നീ തെരഞ്ഞെടുക്കപ്പെട്ട 15 കേന്ദ്രങ്ങളിലെ ഉപഭോക്തൃ വിലസൂചിക 1970–100 അടിസ്ഥാന വർഷമാക്കി എല്ലാ മാസവും തയ്യാറാക്കി ദിനപത്രങ്ങളിലും ഗസററിലും പ്രസിദ്ധീകരിക്കുന്നു.

ഉപഭോക്തൃ വിലസൂചിക കാണിക്കുന്ന സ്റേറററുമെൻറുകൾ അവയുടെ ഗുണഭോക്താക്കളായ പ്രധാനപ്പെട്ട സർക്കാർ–അർദ്ധ സർക്കാർ, പൊതുമേഖലാ–സ്വകാര്യമേഖലാ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന വ്യക്തികൾ നേരിട്ട് അയച്ചുകൊടുക്കുന്നു.

1981–82 അടിസ്ഥാന വർഷമാക്കി ഉപഭോക്തൃവിലസൂചിക പ്രസിദ്ധം ചെയ്യുന്ന നടപടികളുടെ ഭാഗമായി നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ചുവരുന്നു.

കേന്ദ്രസർക്കാരിന്റെ തൊഴിൽമന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സിംലയിലെ ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലുവ, മുണ്ടക്കയം, കൊല്ലം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽനിന്നും 1982 അടിസ്ഥാനവർഷമായുള്ള വിലസൂചിക കണക്കാക്കുന്നതിനുള്ള നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ച് അയച്ചുകൊടുക്കുന്നു.

1982 അടിസ്ഥാന വർഷമായി ലേബർ ബ്യൂറോ വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി പ്രസിദ്ധം ചെയ്യുന്ന ഉപഭോക്തൃ വില സൂചിക ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ–അർദ്ധ സർക്കാർ, പൊതു–സ്വകാര്യമേഖലാ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് അയച്ചുകൊടുക്കുന്നു.

അലോപ്പതി, നാട്ടുചികിൽസ, ഹോമിയോ, ജയിൽ, ഇ.എസ്.ഐ., സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വിവിധ വകുപ്പുകൾക്ക് ദർഘാസ് കരാറുകളുടെ തീർപ്പുകൾ സംബന്ധിച്ച് ആവശ്യത്തിനുവേണ്ടി ഭക്ഷ്യ സാധനങ്ങളുടേയും തീർപ്പുകൾ സംബന്ധിച്ച ആവശ്യത്തിനുവേണ്ടി ഭക്ഷ്യസാധനങ്ങളുടേയും ആശുപത്രികൾക്കാവശ്യമായ അത്യാവശ്യ സാധനങ്ങളുടേയും കമ്പോള ചില്ലറവില സംസ്ഥാനത്തെ എല്ലാ താലൂക്കാസ്ഥാനങ്ങളിൽനിന്നും ശേഖരിച്ചു നൽകിവരുന്നു. ഭക്ഷ്യസാധനങ്ങളുടെ വിലശേഖരണം റിപ്പോർട്ടു വർഷത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ നാലു ത്രൈമാസത്തിന്റേയും ആദ്യ വെള്ളിയാഴ്ച നടത്തുന്നു. കൂടാതെ ഓരോ വകുപ്പിനും ആവശ്യമായ നിർദ്ദിഷ്ട സാധനങ്ങളുടെ കമ്പോളവില റിപ്പോർട്ടു വർഷത്തിൽ ജനുവരിമാസം ശേഖരിച്ചു നൽകിവരുന്നു. പ്രസ്തുത വിലവിവരങ്ങൾ, ജില്ലാ മെഡിക്കലാഫീസുകൾ, ആരോഗ്യവകുപ്പു ഡയറക്ടറേറ്റ്, മെഡിക്കൽ കോളേജുകൾ, ക്ഷയരോഗ ആശുപത്രികൾ, കുഷ്ഠരോഗ ആശുപത്രികൾ, ജയിൽ, ഇ.എസ്.ഐ. ആശുപത്രികൾ, ജയിൽ ഇൻസ്പെക്ടർ ജനറൽ, പട്ടാളമേധാവികളുടെ ആഫീസുകൾ, മാനസിക ആശുപത്രികൾ, തുടങ്ങിയവർക്ക് അയച്ചുകൊടുത്തുവരുന്നു. കൂടാതെ വിലവിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ അപേക്ഷാനുസരണം അയച്ചുകൊടുക്കുന്നു.

## ആയുർവേദ മരുന്നുകളുടെ വില ശേഖരിക്കൽ

ആയുർവേദ കോളേജുകളുടെ ആവശ്യപ്രകാരം ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നതിന് ആവശ്യമായ ഫലങ്ങൾ, ഇലകൾ, വേരുകൾ, ക്ഷാരങ്ങൾ തുടങ്ങിയവയുടെ കമ്പോള വില ശേഖരിച്ചു അയച്ചുകൊടുക്കുന്നു.

## വനവിഭവങ്ങളുടെ വിലശേഖരിക്കൽ

18 ഇനം വനവിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽനിന്നും മാസംതോറും ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തി ക്രോഡീകരിച്ച് ഓരോ ത്രൈമാസത്തിലും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് നൽകുന്നുണ്ട്. ഇവയുടെ വാർഷിക വില അയൽ സംസ്ഥാനങ്ങളിലെ ബാംഗ്ലൂർ, മദ്രാസ്, മംഗലാപുരം, നാഗർകോവിൽ എന്നീ കേന്ദ്രങ്ങളിൽനിന്നും നേരിട്ട് അന്വേഷിച്ച് വനപാലകന് അയച്ചുകൊടുക്കുന്നു.

## മാർക്കററ് ഇൻറലിജൻസ് പദ്ധതി

ഉൽപ്പന്നങ്ങളുടെ വിലവിവരം, ആകെയുള്ള ഉൽപ്പാദനം, തനതാവശ്യങ്ങൾ കഴിഞ്ഞ് വിൽപ്പനയ്ക്ക് ലഭ്യമായ ഉൽപ്പന്നങ്ങളുടെ അളവ് കമ്പോളത്തിൽ ഉൽപ്പന്നങ്ങളുടെ വരവും പോക്കും, ശേഖരണം, ശേഖരണത്തിൻെറ ഫലമായുണ്ടാകുന്ന നഷ്ടം, ഗവൺമെൻറ് തലത്തിൽ നടത്തുന്ന ക്രയവിക്രയം എന്നിവ അറിഞ്ഞ് കമ്പോളവിലനിർണ്ണയം നടത്തുകയാണ് മാർക്കററ് ഇൻറലിജൻസ്കൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ടുചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാത് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ ഓഫീസർമാരും കോഴിക്കോടും, തിരുവനന്തപുരത്തുമുള്ള രണ്ടു റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിച്ചുവരുന്നു.

ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർഗോഡ് ഒഴിച്ചുള്ള എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും ചങ്ങനാശ്ശേരി, കൊച്ചി എന്നീ കേന്ദ്രങ്ങളിലും വിലശേഖരണ പ്രവർത്തനം അതിനുവേണ്ടിമാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചുവരുന്നു. അതേസമയം ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 4 ഫുൾടൈം പ്രൈസ് റിപ്പോർട്ടർമാരും ബാക്കി കേന്ദ്രങ്ങളിൽ താലൂക്കിലുള്ള ഇൻവെസ്ററിഗേററർമാരും കമ്പോളനിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ നിലയങ്ങളിൽക്കൂടി പ്രക്ഷേപണം ചെയ്തുവരുന്നു.

## പ്രതിവാര കമ്പോളനിലവാരാവലോകനം

തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തുവരുന്നു.

## അരിയുടെ പരസ്യവിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട്

എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വിപണനം നടക്കുന്ന അരിയുടെ പരസ്യകമ്പോള വിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സംസ്ഥാന റവന്യൂ ബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുവരുന്നു. ഇവയ്ക്കെല്ലാമുപരിയായി ഈ പദ്ധതിയനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര സംസ്ഥാന ഗവൺമെൻറ് സ്ഥാപനങ്ങൾക്കും റിസേർവ് ബാങ്കിനും ആവശ്യാനുസരണം നൽകിവരുന്നു. അരിയുടെയും നെല്ലിൻെറയും മാർക്കററിലെ പ്രതിമാസ മൊത്തവില ശേഖരിച്ച് മദ്രാസിലെ സിവിൽ സപ്ലൈസ് കൺസ്യൂമർ പ്രൊട്ടക്ഷൻ ഡിപ്പാർട്ട്മെൻറിന് അയച്ചുകൊടുക്കുന്നു.

## ഇൻഡക്സ് സിരീസ് വിഭാഗം (കാർഷിക ധനസംബന്ധം)

ഈ വിഭാഗം താഴെപ്പറയുന്ന സൂചികകൾ തയ്യാറാക്കിവരുന്നു.

(1) കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക.

(2) കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠന സൂചിക.

(3) കാർഷിക വേതന സൂചിക.

### (1) കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക

പ്രധാനപ്പെട്ട 17 കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കി വരുന്നു. 1952–53 അടിസ്ഥാനവർഷമായി സ്വീകരിച്ചാണ് മാസംതോറും ഈ മൊത്തവിലസൂചിക തയ്യാറാക്കിവരുന്നത്.

### (2) കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠന സൂചിക

1952–53 അടിസ്ഥാന വർഷമാക്കി കർഷകരുടെ സാമ്പത്തികനില കാർഷികോൽപ്പന്നങ്ങളുടെ വില അവയുടെ ഉല്പാദനത്തിനുവേണ്ടിവരുന്ന ചെലവുകൾ ഗാർഹികചെലവുകൾ എന്നിവ കണക്കാക്കിയതും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. ഇത് പ്രതിമാസ സൂചികയാണ്.

### (3) കാർഷിക വേതന സൂചിക

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിന്റെ കണക്ക് ഇൻഡ്യാ ഗവൺമെൻറിന്റെ എക്കണോമിക്സ് ആൻറ് സ്ററാറ്റിസ്ററിക്സ് അഡ്വൈസർക്ക് അയച്ചുകൊടുക്കുകയും അതോടൊപ്പം തന്നെ കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. കർഷക തൊഴിലാളികളുടേയും വിദഗ്ദ്ധതൊഴിലാളികളുടെയും പ്രതിമാസവേതന സൂചിക 1952–53 അടിസ്ഥാനവർഷമായി സ്വീകരിച്ച് തയ്യാറാക്കി കൃത്യമായി ഇൻഡ്യ ഗവൺമെൻറിന് അയച്ചുകൊടുക്കുകയും ചെയ്തു വരുന്നു.

കൂടാതെ, തൊണ്ടോടുകൂടിയ നാളികേരത്തിന്റെ ദൈ്വവാര തോട്ടവില ശേഖരിച്ച് എറണാകുളത്തുള്ള നാളികേര വികസന ബോർഡ് ചെയർമാന് ത്രൈമാസ റിപ്പോർട്ടുകളായി അയച്ചുവരുന്നു.

പ്രധാനപ്പെട്ട 9 കാർഷികോല്പന്നങ്ങളുടെ വാർഷികശരാശരി വില തിട്ടപ്പെടുത്തി ന്യൂഡെൽഹിയിലുള്ള എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്കൽ അഡൈ്വസർക്ക് അയച്ചുവരുന്നു.

കയറിൻേറയും തൊണ്ടിൻേറയും പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർബോർഡ് സെക്രട്ടറിക്കും, തിരുവനന്തപുരത്തുള്ള കയർ ഡവലപ്മെൻറ് ഡയറക്ടർക്കും അയച്ചുവരുന്നു. കയറിൻെറതന്നെ പ്രതിമാസ വിലനിലവാരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുവാനായി ഗവൺമെൻറ് അച്ചടിശാലയ്ക്കും നൽകിവരുന്നു.

കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങൾ കോടതി നിർദ്ദേശപ്രകാരം നല്കിവരുന്നു.

കേന്ദ്രസർക്കാരിൻെറ കേന്ദ്ര വ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് അഡൈ്വസർ പ്രസിദ്ധം ചെയ്തുവരുന്ന 1981–82 അടിസ്ഥാന വർഷമായിട്ടുള്ള മൊത്തവില സൂചിക (എല്ലാ സാധനങ്ങളുടെയും) ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധസർക്കാർ പൊതു-സ്വകാര്യമേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കരാറുകാർക്കും നൽകിവരുന്നു.

അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര കമ്പോള മൊത്തവില ശേഖരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം റീജിയണൽ മാനേജർക്ക് ആഴ്ചതോറും അയച്ചുവരുന്നു.

ഉപ്പിൻെറ പ്രതിവാര കമ്പോളമൊത്തവിലയും, ചില്ലറ വിലയും ശേഖരിച്ച് മദ്രാസിലെ ഡെപ്യൂട്ടി സാൾട്ട് കമ്മീഷണർക്കും, പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി സാൾട്ട് കമ്മീഷണർ, ജയ്പൂരിനും അയച്ചുകൊടുക്കുന്നു.

സുഗന്ധ ദ്രവ്യങ്ങളുടെ പ്രതിവാര കമ്പോള ചില്ലറവില ശേഖരിച്ച് കോഴിക്കോട്ടുള്ള സ്പൈസസ് ഡവലപ്മെൻറ് ഡയറക്ടർക്കും എറണാകുളത്തെ സ്പൈസസ് ബോർഡ് ചെയർമാനും അയച്ചുകൊടുക്കുന്നു. വയനാട്, കാസർഗോഡ് ജില്ലകളിൽനിന്നും സുഗന്ധദ്രവ്യങ്ങളുടെ മൊത്തവില ശേഖരിച്ച് കോഴിക്കോട് സ്പൈസസ് ഡവലപ്മെൻറ് ഡെപ്യൂട്ടി ഡയറക്ടർക്കും അയച്ചുകൊടുക്കുന്നു.

സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില ശേഖരിച്ച് ക്രോഡീകരിച്ച് കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തൽ തുടർന്നുവരുന്നു.

എല്ലാ ജില്ലകളിൽനിന്നും മാങ്ങയുടെയും പീറുത്തിച്ചക്കയുടേയും വാരാന്ത്യമൊത്തവില ശേഖരിച്ച് കേന്ദ്ര സർക്കാരിന് അയച്ചുകൊടുന്നു.

എല്ലാ ജില്ലകളിൽനിന്നും തോട്ടണ്ടിയുടെ ദ്വൈവാരമൊത്തവില ശേഖരിച്ച് കേന്ദ്രഗവൺമെൻറിന് അയച്ചുകൊടുക്കുന്നു.

കെ. എൽ. ആർ. ആക്ടിലെ സെക്ഷൻ 43 പ്രകാരം ജില്ലാകളക്ടർമാരുടെ അഭ്യർത്ഥനാനുസരണം എല്ലാ താലൂക്കിലുമുള്ള പ്രധാനപ്പെട്ട കാർഷിക ഉല്പന്നങ്ങളുടെ പ്രതിമാസ ശരാശരിവില തിട്ടപ്പെടുത്തി എല്ലാ ത്രൈമാസികത്തിലും കേരളത്തിലെ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകി വരുന്നു.

## ജനസംഖ്യാപഠന വിഭാഗം

### ജനനമരണ സ്ഥിതി വിവരം

സംസ്ഥാനത്തൊട്ടാകെയുള്ള ജനനമരണങ്ങളുടെ കാർഡുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി റിപ്പോർട്ട് വർഷവും തുടർന്നു.

സ്പോട്ട് ചെക്ക് സർവേ, ഗ്രാമപ്രദേശങ്ങളിലുണ്ടാകുന്ന മരണ കാരണങ്ങളെപ്പററിയുള്ള പഠനം എന്നീ സർവേകളാണ് നടപ്പുവർഷവും തുടർന്നത്.

റിപ്പോർട്ടു വർഷം ഒരു റിസേർച്ച് ഓഫീസറും നാലു റിസേർച്ച് അസിസ്ററൻറുമാരും അഞ്ചു കമ്പയിലർമാരും ഈ വിഭാഗത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു.

### 1. സിവിൽ രജിസ്ട്രേഷൻ

പഞ്ചായത്ത്, മുനിസിപ്പാലിററി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ രജിസ്ട്രാർമാരിൽ നിന്നും കിട്ടുന്ന ജനനമരണ രജിസ്ട്രേഷന്റെ ശരിപ്പകർപ്പ് പരിശോധിച്ച് പട്ടിക രൂപത്തിലാക്കി റിപ്പോർട്ട് തയ്യാറാക്കുന്നു. 1992 വരെയുള്ള റിപ്പോർട്ട് 1996–97 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിക്കഴിഞ്ഞു. പ്രതിമാസ ജനന–മരണ മുൻകൂർ സംഗ്രഹം രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നുമുണ്ട്.

### 2. സ്പോട്ട് ചെക്ക് സർവേ

പട്ടണപ്രദേശങ്ങളിലെ സ്ഥിരതാമസക്കാരുടെ ജനന-മരണങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി രജിസ്ട്രേഷനിലെ കുറവ് കണ്ടുപിടിക്കാനും യഥാർത്ഥ ജനന-മരണ നിരക്ക് കണ്ടുപിടിക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. മൂന്നു സിററി കോർപ്പറേഷനിലും 31 മേജർ മുനിസിപ്പാലിററികളിലും ഈ സ്കീം നടപ്പിലാക്കുന്നുണ്ട്. മൂന്നു കോർപ്പറേഷനുകളിൽ ഓരോ റിസേർച്ച് അസിസ്ററൻറും രണ്ടു കമ്പയിലർമാരും പ്രവർത്തിക്കുന്നുണ്ട്. മററു മുനിസിപ്പാലിററികളിൽ ഒരു യു. ഡി. കമ്പയിലർ വീതവും പ്രവർത്തിക്കുന്നു. 1993-ലെ വാർഷിക റിപ്പോർട്ട് അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

### 3. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡത്ത്

നഗരപ്രദേശങ്ങളിലുണ്ടാകുന്ന മരണ കാരണങ്ങൾ ഡോക്ടർമാർ സർട്ടിഫൈ ചെയ്തിട്ടുള്ളവ പഠനവിധേയമാക്കി തയ്യാറാക്കുന്ന റിപ്പോർട്ടാണ്. 1993-ലെ റിപ്പോർട്ട് വരെ മാത്രമേ അംഗീകരിച്ചിട്ടുള്ളു.

ഈ സ്ഥലങ്ങളിൽ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ റിപ്പോർട്ട്വർഷം പ്രസ്തുത സ്കീം നടത്തുക ഉണ്ടായില്ല.

## 4. ഗ്രാമപ്രദേശങ്ങളിലെ മരണകാരണങ്ങളെപ്പററിയുള്ള സർവേ

74 പബ്ളിക് ഹെൽത്ത് സെൻററുകളിലെ സ്ററാഫിനെക്കൊണ്ട് ടി സർവേ നടത്തുന്നു. ഫീൽഡ് സ്ററാഫ് (ഫീൽഡ് ഏജൻറ്, റിക്കോർഡർമാർ) ചെയ്യുന്ന ജോലി (സർവേ) സെൻസസ് ഡയറക്ടറേററിലെ സ്ററാററിസ്ററിക്കൽ ഓഫീസർ പരിശോധിക്കുന്നു. ഇതു സംബന്ധിച്ച് പ്രതിമാസ റിപ്പോർട്ടുകളും അർദ്ധവാർഷിക റിപ്പോർട്ടുകളും നേരിട്ട് രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നു.

മരണകാരണ സർവേയുമായി ബന്ധപ്പെട്ട് ഫീൽഡ് ഏജൻറുമാർക്കും റിക്കോർഡർമാർക്കും നടത്തിവരാറുള്ള നവീകരണ പരിശീലന പരിപാടി റിപ്പോർട്ടുവർഷത്തിലും നടത്തുകയുണ്ടായി.

## സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി

## സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി ഗ്രാമപ്രദേശങ്ങളിൽ

സിവിൽ രജിസ്ട്രേഷനിലുണ്ടാകുന്ന അപാകതകൾ നിമിത്തം കൃത്യവും വിശ്വസനീയവുമായ പ്രതിവർഷ ജനസംഖ്യാവർദ്ധനവു കണക്കുകൾ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ഭാരത രജിസ്ട്രാർ ജനറൽ ഒരു പൊതുനിർദ്ദേശ മാനുവലിൻെറ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ച് ഭാരതമൊട്ടാകെ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി. കേരളത്തിലൊട്ടാകെ 150 തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിലാണ് ഈ പദ്ധതിപ്രകാരമുള്ള കണക്കെടുപ്പ് നടത്തുന്നത്.

ഈ പദ്ധതി നടത്തിപ്പിനായി ഗ്രാമപ്രദേശങ്ങളിൽ 150 പാർട്ട് ടൈം എന്യൂമറേറർമാരും ഗ്രാമപ്രദേശങ്ങളിലും ജില്ലാ ഓഫീസുകളിലുമായി 17 കമ്പ്യൂട്ടർ സൂപ്പർവൈസർമാരും കൂടാതെ ജില്ലാ ഓഫീസുകളിൽ 14 അഡീഷണൽ ജില്ലാ ഓഫീസർമാരും 17 സാമ്പിൾ രജിസ്ട്രേഷൻ ഇൻവെസ്ററിഗേററർമാരും ഡയറക്ടറുടെ ഓഫീസ് കേന്ദ്രീകരിച്ച് ഒരു റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസറും ഒരു റിസേർച്ച് അസിസ്ററൻറും 2 യു. ഡി. കമ്പയിലർമാരും ഒരു 'കമ്പ്യൂട്ടർ' പോസ്ററും നിലവിലുണ്ട്.

റിപ്പോർട്ടു വർഷത്തിൽ 62, 63 എന്നീ അർദ്ധവാർഷിക സർവേ ആരംഭിച്ചു. പൂർത്തീകരിച്ച 61, 62 എന്നീ അർദ്ധവാർഷിക സർവേ റിപ്പോർട്ടുകൾ രജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. 63-ാം അർദ്ധവാർഷിക സർവേയുടെ പൂർത്തിയാക്കുന്ന യൂണിററുകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ഭവന നിർമ്മാണവും വേതന ഘടന സർവേയും

ഭവന നിർമ്മാണ രംഗത്തെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനും സംഗ്രഹിച്ച് ദേശീയഭവന നിർമ്മാണ വകുപ്പിന് അയച്ചു കൊടുക്കുകയാണ് ഈ വിഭാഗത്തിന്റെ ചുമതല. മേൽപ്പറഞ്ഞ മൂന്നു തലങ്ങളിലുള്ള സംവിധാനം മൂന്നാം പഞ്ചവൽസരപദ്ധതിക്കാലത്താണ് നിലവിൽ വന്നത്. ഇതനുസരിച്ച്

1. പൊതുമരാമത്ത് വകുപ്പ്

2. മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ വകുപ്പ്

3. എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ്

എന്നീ മൂന്നു വകുപ്പുകൾ ഭവന നിർമ്മാണ രംഗത്തെ വിവരങ്ങൾ ശേഖരിക്കുകയും സംഗ്രഹിക്കുകയും ചെയ്യുന്നു.

അമ്പതിനായിരം രൂപയ്ക്ക് മുകളിൽ വരുന്ന സർക്കാർ ഭവന നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുമരാമത്ത് വകുപ്പിലെ സ്ഥിതിവിവരക്കണക്ക് വിഭാഗവും സ്വകാര്യ വ്യക്തികളുടെ ഭവന നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ 10000 ജനസംഖ്യയിൽ കൂടുതലുള്ള മുനിസിപ്പാലിററികളിൽ നിന്ന് മുനിസിപ്പൽ ഭരണവകുപ്പിലെ സ്ഥിതി വിവരക്കണക്ക് വിഭാഗവും ശേഖരിച്ച് സംഗ്രഹിക്കുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലുള്ള ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഡയറക്ടറേററിൽ ശേഖരിച്ച് സംഗ്രഹിക്കുകയും ചെയ്യുന്നു. കൂടാതെ ഭവന നിർമ്മാണ സാധനസാമഗ്രികളുടെ വില നിലവാരവും അതിലുൾപ്പെട്ട ഭവന നിർമ്മാണ തൊഴിലാളികളുടെ വേതന നിരക്കുകളും ഓരോ പാദവർഷത്തിലും ജില്ലാ അടിസ്ഥാനത്തിൽ ഈ ഡയറക്ടറേററ് ശേഖരിക്കുകയും സംഗ്രഹിച്ച് ദേശീയ കെട്ടിട നിർമ്മാണ സംഘടനാ മേധാവിക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

മുനിസിപ്പൽ തലത്തിലെ സ്വകാര്യഭവന നിർമ്മാണ വിവരങ്ങൾ 31–3–1995 വരെയുള്ളതും ഗവൺമെൻറ് തലത്തിൽ പൊതുമരാമത്തുവഴി ലഭിക്കുന്ന വിവരങ്ങൾ 1993–94 വരെയുള്ളതും, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നീ കോർപ്പറേഷനുകളിൽ നിന്നുള്ള ഭവന നിർമ്മാണ വിവരങ്ങൾ യഥാക്രമം 30–6–1996, 31–12–1994, 31–12–1996 വരെയുള്ള പാദവർഷങ്ങളിലേയും സംഗ്രഹിച്ച് ദേശീയ കെട്ടിട നിർമ്മാണ സംഘടനാ മേധാവിക്ക് അയച്ചുകഴിഞ്ഞു. കൂടാതെ കെട്ടിട നിർമ്മാണ സാധന സാമഗ്രികളുടെ വിലനിലവാരവും അതിൽ ഉൾപ്പെടുന്ന ജോലിക്കാരുടെ വേതന വിവരങ്ങളും 31–12–1996 വരെയും പൂർത്തിയാക്കി അയച്ചിട്ടുണ്ട്.

## വേതന ഘടന സർവേ

സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും വേതന ഘടന സർവേ നടത്തുന്നു. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും മൊത്തചില്ലാ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെയും, വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവേയുടെ ഉദ്ദേശ്യം. സർവേ പ്രകാരം

തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ ത്രൈമാസത്തിലും വേതന വിവരങ്ങൾ ശേഖരിച്ച് ജില്ലാ ഓഫീസർമാർ അയച്ചുതരുന്നത് സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ ത്രൈമാസ പട്ടികകൾ തയ്യാറാക്കി ക്രോഡീകരിക്കുന്ന പട്ടികയിലെ വിവരങ്ങൾ ഈ ഡയറക്ടറേററിലെ സംസ്ഥാന വരുമാനം കണക്കാക്കുന്ന വിഭാഗം സംസ്ഥാന ആസൂത്രണ വിഭാഗവുമാണ് ഉപയോഗിക്കുന്നത്. 1994-95, 1995-96 വർഷങ്ങളിലെ കെട്ടിടനിർമ്മാണ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികളുടെ ദിവസക്കൂലിയെ സംബന്ധിച്ച പട്ടികകൾ തയ്യാറാക്കി സംസ്ഥാന ആസൂത്രണ മേധാവിക്ക് അയച്ചുകൊടുക്കുകയുണ്ടായി.

## തൊഴിൽ വിഭാഗം

1948-ലെ ഫാക്ടറി നിയമപ്രകാരം 1993-ൽ പ്രവർത്തിച്ചിരുന്ന ഫാക്ടറികളുടെ വാർഷിക കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട പത്രികകൾ സഹിതം സിംലയിലെ ലേബർ ബ്യൂറോയിലേക്ക് അയച്ചുകൊടുത്തു. കൂടാതെ 1936-ലെ വേതന നിയമപ്രകാരം പ്രതിമാസ വരുമാനം 1600 രൂപയിൽ കുറവായ ഫാക്ടറി തൊഴിലാളികളുടെ 1993-ലെ വേതന വിവരങ്ങൾ ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി ലേബർ ബ്യൂറോയിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

1994-ലെ ഫാക്ടറികളെ സംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1994-ലെ ഫാക്ടറികളുടെ അർദ്ധവാർഷിക റിപ്പോർട്ട് ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു. ഇതോടൊപ്പംതന്നെ വേതന വിവര റിപ്പോർട്ട് സംബന്ധിച്ച ജോലികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പ്രതിമാസവരുമാനം 1600 രൂപയിൽ കുറവായ തോട്ടങ്ങളിലെ തൊഴിലാളികളുടെ 1995-ലെ വേതനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ലേബർ ബ്യൂറോയ്ക്ക് സമർപ്പിച്ചു.

ഫാക്ടറികളിലും തോട്ടങ്ങളിലും 1997 ഫെബ്രുവരി മാസംവരെ ഉണ്ടായിട്ടുള്ള പണിമുടക്ക്, വാക്കൗട്ട്, ലേ ഓഫ് ഇവയെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ലേബർ ഓഫീസിൽ നിന്നും ശേഖരിച്ച് ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

എക്കണോമിക്സ് റിവ്യൂനുവേണ്ടിയുള്ള വിവരങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിനു അയച്ചുകൊടുത്തു.

## വിലയിരുത്തൽ സർവേ

സംസ്ഥാന സർക്കാർ മണ്ണ് സംരക്ഷണവകുപ്പ് പ്രത്യേക തൊഴിൽദാന പദ്ധതി വായ്പാ പദ്ധതി എന്നിവ വഴി മുൻവർഷങ്ങളിൽ വിവിധ ജില്ലകളിൽ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനമാണ് ഈ സർവ്വേകൊണ്ട് ഉദ്ദേശിക്കുന്നത്. എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ജില്ലാ ഓഫീസുകളെ കേന്ദ്രീകരിച്ച് ആണ് ഈ സർവ്വേ നടത്തി വരുന്നത്. ഇപ്രകാരം സർവ്വേ നടത്തി

ലഭിക്കുന്ന ഷെഡ്യൂളുകളിൽ നിന്ന് ടാബുലേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പ്രക്രിയയാണ് ഡയറക്ടറേററിലെ ഈ വിഭാഗത്തിൽ നടന്നുവരുന്നത്.

റിപ്പോർട്ടുവർഷത്തിൽ 1991-92 വർഷത്തെ വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കി അച്ചടിക്കുന്നതിനായി ഗവൺമെൻറ് പ്രസ്സിൽ ഏൽപ്പിച്ചിട്ടുണ്ട്. 1992-93-ലെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏറെക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്. 1993-94-ലെ ഫീൽഡ് എന്യൂമറേഷൻ വിവിധ ജില്ലകളിൽ പൂർത്തിയാക്കിയ ഷെഡ്യൂളുകൾ അയച്ചു തന്നിട്ടുണ്ട്. അവയുടെ കമ്പയിലേഷൻ നടന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം 1996-97-ലെ സർവ്വേയുടെ പ്രാഥമിക നടപടികളും ഈ വിഭാഗത്തിൽ നിന്നുള്ള നിർദ്ദേശാനുസരണം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. സർവ്വേയുടെ നടത്തിപ്പിലും റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിലും ഉണ്ടായിട്ടുള്ള കാലവിളംബം ഒഴിവാക്കി കഴിവതുംവേഗം പ്രസിദ്ധീകരിക്കുന്നതിന് ഈ വിഭാഗം ഇപ്പോൾ ഊർജ്ജിതശ്രമത്തിലാണ്.

## ദേശീയ സാമ്പിൾ സർവേ

ഭാരത സർക്കാരിൻെറ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും രാജ്യത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിന് നടത്തിവരുന്ന സർവേ ഈ വർഷത്തിലും തുടരുകയുണ്ടായി. കേരളത്തിൽ തെരഞ്ഞെടുത്ത സാമ്പിൾ ഗ്രാമങ്ങളിലും നഗരങ്ങളിലും നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷനും ഈ ഡയറക്ടറേററും തുല്യ സാമ്പിളുകളിൽ സർവേ നടത്തിവരുന്നു. ഓരോ കാലയളവിലും നിലവിൽ താത്പര്യമുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സർവേ നടത്തുന്നു.

1995 ജൂലൈ മുതൽ 1996 ജൂൺ വരെയുള്ള കാലയളവിൽ 52-ാമത് റൗണ്ട് സർവേ നടന്നു. 288 സാമ്പിൾ ഗ്രാമപ്രദേശങ്ങളിലും 208 സാമ്പിൾ നഗരപ്രദേശങ്ങളിലും ഫീൽഡ് ജോലി നടത്തി. ഈ സർവേയിൽ ജനങ്ങളുടെ സാമൂഹ്യ ഉപഭോഗം, വൃദ്ധജനങ്ങൾ, ഗാർഹിക ഉപഭോക്തൃ ചെലവ് മുതലായവയെക്കുറിച്ചാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, 60 വയസ്സും അതിനുമുകളിലും ഉള്ളവരുടെ പ്രശ്നങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചാണ് സർവേ നടത്തിയത്. അതുപോലെ ഗാർഹിക ഉപഭോക്തൃ ചെലവിനെ സംബന്ധിച്ചുള്ള സർവേയും ഇതിനോടൊപ്പം നടത്തി. അതിൽ കുറഞ്ഞ വിലയ്ക്ക് അത്യാവശ്യ ഉപഭോക്തൃ വസ്തുക്കളുടെ വിതരണം, വിദ്യാഭ്യാസ ആനുകൂല്യം, സൗജന്യ ആരോഗ്യപരിപാലനം മുതലായവ ഉൾപ്പെടുന്നു. ഈ സർവേയ്ക്ക് ഫാറം 0·0, 1·0, 25·0, 25·2 എന്നിവ ഉപയോഗിച്ചാണ് വിവരങ്ങൾ ശേഖരിച്ചത്. കുടുംബങ്ങൾക്ക് ലഭിച്ചിട്ടുള്ള സേവനങ്ങളുടെ സ്വഭാവം, വ്യാപ്തി എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു. ഇതിൽ പ്രൈമറി വിഭാഗം, സെക്കൻററി വിഭാഗം, ഉന്നത വിദ്യാഭ്യാസം, പൊതുജനാരോഗ്യസേവന ഉപയോഗം, മാതൃശിശുസംരക്ഷണ സൗകര്യങ്ങളുടെ ഉപഭോഗം, ചികിത്സാസേവനങ്ങൾ, പൊതുവിതരണ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു. സാമ്പത്തിക സ്വാതന്ത്ര്യം കുടുംബത്തിലെ പങ്ക് എന്നിവയെ സംബന്ധിച്ചാണ് 60-നും അതിനുമുകളിലും പ്രായമുള്ളവരിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ.

ഈ സർവേകൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം, പ്രായമായവരുടെ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഗവൺമെൻറിന് സഹായകരമാകും. അതുപോലെ പുതിയ കോളേജുകൾ, ഡിസ്പെൻസറികൾ, കുടുംബക്ഷേമ കേന്ദ്രങ്ങൾ, മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ എന്നിവ തുടങ്ങുന്നതിനുള്ള ആസൂത്രണം ത്വരിതപ്പെടുത്തുന്നതിനും ഈ സർവേകൊണ്ട് പ്രയോജനപ്പെടും.

പ്രായമായവരെ അധിവസിപ്പിക്കുന്നതിനും മററു ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ട പരിപാടികൾ രൂപീകരിക്കുന്നതിന് അവരെ സംബന്ധിച്ച വിവരങ്ങൾ സഹായിക്കും.

ഈ സർവേയിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ വിവിധ ക്ഷേമപരിപാടികൾ ആവിഷ്കരിക്കുന്നതിന് സഹായിക്കും.

എൻ. എസ്. എസിന്റെ 53-ാമത് ഘട്ടം സർവേ 1997 ജനുവരി മുതൽ ആരംഭിച്ച് 1997 ഡിസംബർ മാസംവരെ തുടരും. ഈ സർവേയിൽ മുഖ്യമായും മൊത്ത-ചില്ലറ വ്യാപാരമേഖലയെ സംബന്ധിച്ചുള്ള ദേശവ്യാപക സർവേയാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഉപഭോക്തൃ ചെലവ്, തൊഴിൽ, തൊഴിലില്ലായ്മ, കൈവശഭൂമി, അംഗവൈകല്യം, സാമൂഹ്യ ഉപഭോഗം, അസംഘടിത മേഖല എന്നിങ്ങനെ വിവിധ വിഷയങ്ങൾ ശേഖരിക്കും.

വ്യാപാര സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സ്ഥാപനങ്ങളെക്കുറിച്ച് അതിന്റെ സാമ്പത്തികവും പ്രാവർത്തികവുമായ ഘടകങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും ശേഖരിക്കുന്നു. കൂടാതെ കച്ചവടത്തെ കുറിച്ചുള്ള പ്രവർത്തനങ്ങൾ, ശിശു തൊഴിൽ ഉൾപ്പെടെ തൊഴിൽ, ക്രയവിക്രയം, സ്ഥാപനം നടത്തുന്നതിനുള്ള ചെലവുകൾ മുതലായവയെ സംബന്ധിച്ചുള്ള വിവരങ്ങളും ഗാർഹിക ഉപഭോക്തൃ ചെലവിനെ സംബന്ധിച്ചുള്ള വിവരങ്ങളും ശേഖരിക്കുന്നു.

ഈ സർവേയിൽനിന്നും ഓരോ പ്രദേശത്തെ കച്ചവട സ്ഥാപനങ്ങളുടെയും പട്ടിക തയ്യാറാക്കുകയും അഞ്ചോ അതിൽ കുറവോ (ശമ്പളക്കാർ ഉൾപ്പെടെ) അംഗങ്ങളുള്ളതും, ശമ്പളക്കാരില്ലാതെ സ്വന്തമായി നടത്തുന്നതും ആയ വ്യാപാരസ്ഥാപനങ്ങളെ മാത്രമേ ഈ സർവേയിൽ ഉൾപ്പെടുത്തുകയുള്ളു. ഈ സർവേയിലൂടെ വിപുലമായ വിവരങ്ങൾ നിർദ്ദിഷ്ട ഷെഡ്യൂളുകളിൽ കട ഉടമസ്ഥൻമാരുമായി മുഖാമുഖ സംഭാഷണത്തിലൂടെ ശേഖരിക്കുന്നു.

ഈ സർവേകൊണ്ട് കച്ചവടസ്ഥാപനങ്ങളുടെ പ്രവർത്തനരീതി, സാമ്പത്തിക വിവരങ്ങൾ, ശിശുതൊഴിൽ ഉൾപ്പെടെ തൊഴിൽ, വരവ്, ചെലവ്, കച്ചവടലാഭം മുതലായ വിവരങ്ങൾ ലഭ്യമാക്കുന്നു. നയരൂപീകരണത്തിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഈ സർവേ സഹായിക്കും.

ഫാറം 0–0-യിൽ കുടുംബാംഗങ്ങളെ സംബന്ധിച്ച് വിവരങ്ങളും നോൺ അഗ്രിക്കൾച്ചറൽ എൻറർപ്രൈസസിനെപ്പററിയുള്ള വിവരങ്ങളും ശേഖരിക്കുന്നു.

ഫാറം 2, 41, 2-ൽ വ്യാപാരസംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സ്ഥാപനങ്ങളെക്കുറിച്ചുള്ള അതിൻെറ സാമ്പത്തികവും പ്രാവർത്തികവുമായ ഘടകങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

ഫാറം 1. 0-യിൽ ഉപഭോക്താവിൻെറ ചെലവിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

47–ാമത് റൗണ്ട് ററാബുലേഷൻ തീർന്നുകഴിഞ്ഞു. 1993 ജൂലൈ മുതൽ 1994 ജൂൺ വരെയുള്ളത് ഫീൽഡിൽനിന്നും ശേഖരിച്ചു. 50-ാമത് റൗണ്ടിൻെറ സൂക്ഷ്മപരിശോധന അവസാനഘട്ടം പണി നടന്നുകൊണ്ടിരിക്കുന്നു.

## പ്ലാനിംഗ് വിഭാഗം

സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഈ വകുപ്പ് ഏറെറടുത്തു നടത്തുവാൻ ഉദ്ദേശിക്കുന്ന പ്ലാൻ പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ, ത്രൈമാസ റിപ്പോർട്ടുകൾ തയ്യാറാക്കി അവ യഥാക്രമം സംസ്ഥാന കേന്ദ്ര സർക്കാരുകൾക്ക് നൽകുക എന്നിവയാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി.

1996–97 വർഷത്തെ ബഡ്ജററിൽ ഈ വകുപ്പിലേക്ക് ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്കീമുകൾ | ബഡ്ജററിൽ വകകൊള്ളിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1. | സംഗണക വിഭാഗം ശക്തിപ്പെടുത്തൽ (3454–02–203–98) | 15·00 |
| 2. | വാഹനങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി (3454–02–203–97) | 5·00 |
| 3. | സ്ഥിതിവിവരക്കണക്കു വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി (3454–02–203–96) | 5·00 |
| 4. | സർവേയും പഠനങ്ങളും (3454–02–112–96) | 38·00 |

| ക്രമ നമ്പർ (1) | സ്കീമുകൾ (2) | ബഡ്ജററിൽ വക കൊളളിച്ച തുക (രൂപ ലക്ഷത്തിൽ) (3) |
| --- | --- | --- |
| 5. | അതാതു കാലത്തെ കാർഷിക സ്ഥിതി വിവര കണക്കുകൾ റിപ്പോർട്ടു ചെയ്യുന്നതിനുവേണ്ടി ഉളള സർവേ (50 ശതമാനം കേന്ദ്ര സഹായം) 3454_02_111_98 ററി. ആർ. എസ്. (ഇ. എ. ആർ. എസ്.) 50 ശതമാനം സി. എസ്. എസ്. | 540.00 |
| 6. | സാമ്പത്തിക സെൻസസ് (100 ശതമാനം കേന്ദ്ര സഹായം) (3454_02_111_91) 100 ശതമാനം സി. എസ്. എസ്. | 10.00 |
| 7. | ചെറുകിട ജലസേചനങ്ങളെക്കുറിച്ച് യുക്തമായി സമർപ്പിക്കുന്ന സ്ഥിതിവിവര കണക്കുകൾ (100 ശതമാനം കേന്ദ്ര സഹായം) (3454_02_112_97) 100 ശതമാനം സി. എസ്. എസ്. | 10.00 |
| 8. | കാർഷിക സെൻസസ് (100 ശതമാനം കേന്ദ്ര സഹായം) (2401_00_111_99) 100 ശതമാനം സി. എസ്. എസ്. | 10.00 |

ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് സാങ്കേതിക പരിശീലനം ലഭിക്കുന്നതിനുവേണ്ടി വിവിധ പരിശീലന കേന്ദ്രത്തിലേക്ക് തെരഞ്ഞെടുത്ത് അയയ്ക്കുന്ന ജോലിയും ഈ വിഭാഗമാണ് നിർവഹിക്കുന്നത്. റിപ്പോർട്ടുവർഷത്തിൽ (1996–97) വിവിധ തസ്തികയിലുളള 6 ഉദ്യോഗസ്ഥൻമാരെ (1 ജോയിൻറ് ഡയറക്ടർ, 2 എൽ. ഡി. കംപയിലർമാർ, 1 ജൂനിയർ സൂപ്രണ്ട്, 1 സീനിയർ സൂപ്രണ്ട്, 1 അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ്) തിരുവനന്തപുരത്തെ ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറിൽ പരിശീലനത്തിനായി നിയോഗിക്കുകയുണ്ടായി.

## ഔദ്യോഗിക ഭാഷാ വിഭാഗം

ഭരണതലത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സർക്കാരിൻെറ നയം ഈ വകുപ്പിൽ നടപ്പിലാക്കുകയും പുരോഗതി വിലയിരുത്തുകയുമാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല.

കാലാകാലങ്ങളിൽ ഇതു സംബന്ധമായ നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെൻറിൻെറ വിവിധ തലങ്ങളിലെത്തിക്കുകയും താലൂക്ക് ജില്ലാതലങ്ങളിൽ അവലോകനം നടത്തി ക്രോഡീകരിക്കുകയും ചെയ്ത് ഗവൺമെൻറിനു സമർപ്പിക്കുന്നു.

ഈ വകുപ്പ് ഒരു സാങ്കേതികവകുപ്പായതിനാൽ പൂർണ്ണമായും മലയാളമാക്കുവാൻ ബുദ്ധിമുട്ടുണ്ട്.

## ഏകോപന സമിതി വിഭാഗം

വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിലെ പ്രധാന പ്രവർത്തനം.

വിവിധ വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗസെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഏകോപനസമിതി വിഭാഗത്തിലെ ജോയിൻറ് ഡയറക്ടറുടെ നേതൃത്വത്തിൽ വകുപ്പദ്ധ്യക്ഷൻെറ സാന്നിദ്ധ്യത്തിൽ വാർഷികയോഗങ്ങൾ സംഘടിപ്പിക്കുകയും ഓരോ വിഭാഗത്തിൻെറ പ്രവർത്തനങ്ങളെപ്പററി ചർച്ച നടത്തുകയും വിലയിരുത്തുകയും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ഇത്തരം സെല്ലുകളുടെ പ്രവർത്തനം ശക്തമാക്കുകയും ചെയ്യുന്നു.

## പ്രസിദ്ധീകരണ വിഭാഗം

ഈ വകുപ്പു നടത്തുന്ന സർവേകളും പഠനങ്ങളും അവയുടെ റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല. സ്ഥിതിവിവരകണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ചുമതലയും ഈ വിഭാഗത്തിൻേറതാണ്.

സർവ്വേകൾക്ക് ആവശ്യമായ ഫോറങ്ങൾ അച്ചടിക്കുക, അവ ജില്ലകളിൽ എത്തിക്കുക, പൂരിപ്പിച്ച ഫോറങ്ങൾ ഹെഡ് ഓഫീസിൽ എത്തിക്കുക എന്നിവയും ഈ വിഭാഗത്തിൻെറ ചുമതലകളിൽപ്പെടുന്നു. ഈ വിഭാഗത്തിനോടനുബന്ധിച്ച് 1983 മാർച്ച് മുതൽ ഒരു റോട്ടോ പ്രിൻറിംഗ് പ്രസ്സ് പ്രവർത്തിക്കുന്നുണ്ട്. വിവിധ സെക്ഷനുകൾക്ക് ആവശ്യമായ ഫാറങ്ങൾ, ഉപഭോക്തൃ വിലസൂചിക എന്നിവയും താഴെ പറയുന്ന റിപ്പോർട്ടുകളും ഈ കാലയളവിൽ പ്രസ്സിൽ പ്രിൻറു ചെയ്യുകയും പ്രസിദ്ധീകരിക്കുകയുമുണ്ടായി:

| | | | | |
|---|---|---|---|---|
| 1. | പഞ്ചായത്തു ലെവൽ സ്റ്റാറ്റിസ്റ്റിക്സ് | 1996 | കൊല്ലം | ജില്ല |
| 2. | ,, | ,, | ഇടുക്കി | ,, |
| 3. | ,, | ,, | എറണാകുളം | ,, |
| 4. | ,, | ,, | തൃശ്ശൂർ | ,, |
| 5. | ,, | ,, | പാലക്കാട് | ,, |

6. പഞ്ചായത്തു ലെവൽ സ്ററാററിസ്ററിക്സ് 1996 കോഴിക്കോട് ജില്ല
7. റിപ്പോർട്ട് ഓഫ് വേജ് സ്ട്രക്ചർ സർവേ 1932–1992
8. സ്റേററ് ഡൊമസ്ററിക് പ്രോഡക്ട്സ് 1989–90 ടു 1992–93
9. റിപ്പോർട്ട് ഓൺ പ്രൈവററ് മെഡിക്കൽ ഇൻസ്ററിററ്യൂഷൻ ഇൻ കേരള
10. വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ 1990
11. ,, ,, 1991
12. ,, ,, 1992
13. റസിഡൻഷ്യൽ വൈററൽ റേററ്സ് ഇൻ കോർപ്പറേഷൻസ് ആൻറ് മുനിസിപ്പാലിററീസ് 1993

## ലൈബ്രറി

ഏകദേശം 6000 (ആറായിരത്തോളം) പുസ്തകശേഖരമുള്ള ഈ ലൈബ്രറിയിൽ ദേശീയ, അന്തർദേശീയ തലത്തിലുള്ള സ്ഥിതിവിവര കണക്കുകളെ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ വരുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നു.

കേന്ദ്രഗവൺമെൻറിൻെറ സെൻസസ് ഡിപ്പാർട്ട്മെൻറ് പ്രസിദ്ധീകരിക്കുന്ന പുസ്തകശേഖരവും വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പുകളുടെ പ്രധാന റിപ്പോർട്ടുകൾ, എക്കണോമിക്സ്, സ്ററാററിസ്ററിക്സ്, കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ പുസ്തകശേഖരവും ഈ ലൈബ്രറിയിൽ ഉണ്ട്.

വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ആവശ്യാനുസരണം നൽകുകയും ഗവേഷണ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാമൂഹ്യ സേവകർ, സാമൂഹ്യക്ഷേമപ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾ എന്നിവർ നിരന്തരം ലൈബ്രറി സന്ദർശിക്കുകയും ആവശ്യമായ വിവരങ്ങൾ ലൈബ്രറിയിൽനിന്നും ശേഖരിക്കുകയും ചെയ്യാറുണ്ട്.

## സംഗണക വിഭാഗം

റിപ്പോർട്ടു വർഷത്തിൽ താഴെപ്പറയുന്ന ജോലികൾ പ്രധാനമായും നിർവഹിച്ചു:

1993–ലെ വൈററൽ സ്ററാററിസ്ററിക്സിൻെറ വിവരങ്ങൾ ഡേററാ എൻട്രികൾ നടത്തി പൂർത്തിയാക്കി.

1991–ലെ കാർഷിക സെൻസസിൻേറയും അതിൻെറ ഭാഗമായി നടത്തിയ ഇൻപുട്ട് സർവേയുടെയും പ്രോസസിംഗ് നടത്തി.

മൈനർ ഇറിഗേഷൻ വിഭാഗം നടത്തിയ ഇറിഗേഷൻ സ്ററാററിസ്ററിക്സ് വിവരങ്ങൾ ഡേററാ എൻട്രി നടത്തി കേന്ദ്രസർക്കാരിനു നൽകി.

പഞ്ചായത്തുതല വിവരങ്ങൾ ഉൾപ്പെടുത്തി വകുപ്പു പ്രസിദ്ധീകരിച്ച ജില്ലാതല പ്രസിദ്ധീകരണങ്ങൾക്ക് ആവശ്യമായ ഡി. ററി. പി. ജോലികൾ ചെയ്തു.

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ സംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ പ്രോസസ് ചെയ്തു റിപ്പോർട്ടു തയ്യാറാക്കി.

സോയിൽ കൺസർവേഷൻ റിപ്പോർട്ട് ഡി. ററി. പി. ചെയ്തു നൽകി.

വൈററൽ സ്ററാററിസ്ററിക്സ് 1992-ലെ റിപ്പോർട്ട് ഡി. ററി. പി. ചെയ്തു.

കൺസ്യൂമർ പ്രൈസ് ഇൻഡെക്സ് മാസാമാസം തയ്യാറാക്കി.

കമ്പോളനിലവാര അവലോകനത്തിനായി മററു ജില്ലകളിൽനിന്നും എൻ. ഐ. ഡി. മുഖേന അയയ്ക്കുന്ന വിവരങ്ങൾ ശേഖരിച്ച് പട്ടികയാക്കി പ്രസ്തുത വിഭാഗത്തിനു നൽകി.

എൻ. എസ്. എസ്. നാൽപ്പത്തിമൂന്നാമത്തെ റൗണ്ടിലെ കൺസംപ്ഷൻ വിവരങ്ങൾ ക്രോഡീകരിച്ചു നൽകി.

റിപ്പോർട്ടുവർഷം 13·50 ലക്ഷം രൂപ മുതൽമുടക്കുള്ള ഒരു പവ്വർ പി. സി. ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങാനുള്ള ഭരണാനുമതി ലഭിച്ചു. ഈ വർഷം കേന്ദ്ര സർക്കാരിൽനിന്നും ഒരു കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും, അഗ്രികൾച്ചറൽ സെൻസസ് പദ്ധതിയുടെ ഭാഗമായി 14 കമ്പ്യൂട്ടറും വാങ്ങിയിട്ടുണ്ട്.

## 1996-97 വർഷത്തെ പദ്ധതി-പദ്ധതിയേതര ചെലവുകൾ

(രൂപ ലക്ഷത്തിൽ)

<u>പ്ലാൻ സ്കീം:</u>

| | |
|---|---|
| ടി. ആർ. എസ് (50 ശതമാനം കേന്ദ്ര സഹായം) | 436·88 |
| ചെറുകിട ജലസേചന പദ്ധതി (100 ശതമാനം കേന്ദ്ര സഹായം) | 7·50 |
| കമ്പ്യൂട്ടർ ഡിവിഷൻ സ്ഥാപിക്കുന്നതിന് | 1·85 |
| പരിശീലന പദ്ധതികൾക്ക് | 0·87 |
| കാർഷിക സെൻസസ് (100 ശതമാനം കേന്ദ്ര സഹായം) | 8·36 |
| എക്കണോമിക്സ് സെൻസസ് | 0·26 |
| ആകെ | 455·72 |

(രൂപ ലക്ഷത്തിൽ)

പദ്ധതിയേതര ചെലവുകൾ:

| | |
|---|---|
| ബി. ഇ. എസ് | 378·07 |
| എൻ. എസ്. എസ്. | 31·88 |
| സർവേയും പഠനങ്ങളും | 22·02 |
| സംസ്ഥാന വരുമാന നിർണ്ണയം | 6·91 |
| വിലയിരുത്തൽ ഘടകം | 10·24 |
| വൈററൽ സ്ററാററിസ്ററിക്സ് | 24·64 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവരശേഖരണം ശക്തിപ്പെടുത്തുന്നതിന് | 37·60 |
| ഇൻഡസ്ട്രിയൽ സ്ററാററിസ്ററിക്കൽ യൂണിററ് | 2·69 |
| ഹൗസിംഗ് സ്ററാററിസ്ററിക്കൽ സെൽ | 4·06 |
| സോയിൽ കൺസർവേഷൻ | 3·78 |
| | 521·89 |
| ആകെ പദ്ധതിയും പദ്ധതിയേതരവും | 977·61 |

512